# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1548      03.05.2017 ൽ മറുപടിയ്ക്ക്

### ജൂനിയർ ഹെൽത്ത് നേഴ്സ് ജഗദീശന്റെ ആത്മഹത്യ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | താൽക്കാലികാടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് നേഴ്സ് ഗ്രേഡ് II ആയി ജോലി ചെയ്തിരുന്ന കാസർഗോഡ് സ്വദേശി ജഗദീശൻ എന്ന വ്യക്തി തിരുവനന്തപുരത്തെ ലോഡ്ജിൽ തൂങ്ങി മരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് തമ്പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 418/2017 u/s174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ മരണം സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഇല്ല. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് സമാന തസ്തികയിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തി തരാമെന്ന് പറഞ്ഞ് പണം സ്വരൂപിച്ച് നൽകിയ ഇടനിലക്കാരൻ എന്ന നിലയിൽ കബളിപ്പിക്കപ്പെട്ടതാണ് ജഗദീശന്റെ മരണത്തിനിടയാക്കിയതെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഇത്തരമൊരു പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 10 മാസത്തെ ശമ്പളം നൽകാതെ ജോലിയിൽ നിന്നും പിരിച്ചുവിട്ട മനോവിഷമത്തിൽ കാസർഗോഡ് ആരോഗ്യവകുപ്പിലെ കരാർ ജീവനക്കാരനായിരുന്ന കാസർഗോഡ് തൃക്കരിപ്പൂർ സ്വദേശി ജഗദീഷ് തിരുവനന്തപുരം തമ്പാനൂർ അരിസ്റ്റോ ജംഗ്ഷനിലുള്ള ഒരു ലോഡ്ജ് മുറിയിൽ തൂങ്ങിമരിച്ചതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.